സഹകരണവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ

120 (3521)ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സഹകരണ സ്ഥാപനങ്ങൾ അഡ്മിനിസ്ട്രേറ്ററുടെ ഭരണത്തിൻ ചുമതലയിലാണെന്ന് അറിയിക്കുമോ; അവ ഏതെല്ലാം;

(ബി) സഹകരണ നിയമത്തിലെ റൂൾ 32 അനുസരിച്ച് അഡ്മിനിസ്ട്രേറ്ററുടെ പരമാവധി കാലാവധി രണ്ട് വർഷമെന്നിരിക്കെ, അതിലധികം നാളുകളായി അഡ്മിനിസ്ട്രേറ്ററുമാരുടെ ഭരണത്തിൻ കീഴിലുള്ള സഹകരണ സ്ഥാപനങ്ങൾ നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) അഡ്മിനിസ്ട്രേറ്റർമാർ ഭരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങളിൽ തെരഞ്ഞെടുപ്പ് നടത്തി ഭരണം കൈമാറാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 340 സഹകരണ സംഘങ്ങൾ, വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.[†]

(ബി) 32-ാം വകുപ്പ് പ്രകാരം ഉള്ള കാലാവധി കഴിഞ്ഞതോ, നിയമപ്രകാരം ഉള്ള ദീർഘിപ്പിക്കൽ ഉത്തരവ് ഇല്ലാതെയോ അഡ്മിനിസ്ട്രേറ്റന്മാർ നിലവിലുള്ള സഹകരണ സ്ഥാപനങ്ങൾ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സ്വീകരിച്ചിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റർമാരെ സഹകരണ നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ചുള്ള കാലാവധിയിലേക്കായി നിയമിക്കുന്നു. ടി. കാലാവധിക്കുള്ളിൽ തെരെഞ്ഞെടുപ്പ് നടത്തി ഭരണം കൈമാറാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ കോടതി കേസ്സുകളുടെ അടിസ്ഥാനത്തിൽ ചില സംഘങ്ങളിൽ തെരഞ്ഞെടുപ്പ് പ്രക്രിയകൾ നിറുത്തിവയ്ക്കുന്ന സാഹചര്യത്തിൽ കോടതിവിധി പ്രകാരം മാത്രമേ തെരഞ്ഞെടുപ്പുകൾ നടത്തി ഭരണം കൈമാറാനാവൂ.

സി.വി. നായർ കമ്മീഷന്റെ പ്രധാന ശുപാർശകൾ

121 (3522)ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ജില്ലാ സഹകരണ ബാങ്കിൽ നിന്നും റിട്ടയർ ചെയ്തവർക്ക് പെൻഷൻ അനുവദിക്കുന്നതു സംബന്ധിച്ച് സി.വി. നായർ കമ്മീഷൻ നൽകിയ സുപ്രധാന ശുപാർശകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) എക്സ്ഗ്രേഷ്യാ പെൻഷനും ഫുൾ പെൻഷനും നൽകുന്ന കാര്യം കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ;

[†] അനുബന്ധം XVII

LIBRARY ARCHIVES Kerala Legislative Assembly

(സി) കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കുന്നതു സംബന്ധിച്ച് സ്റ്റേറ്റ് സഹകരണ ബാങ്കിൽ നിന്നും റിട്ടയർ ചെയ്തവരുടെ സംഘടനകൾ നിവേദനം നൽകിയിട്ടുണ്ടോ;

(ഇ) ഈ നിവേദനങ്ങളിൽ അഭ്യർത്ഥിച്ചിരിക്കുന്ന കാര്യങ്ങൾ പരിഗണിക്കുമോ?

ഉത്തരം

(എ) സംസ്ഥാന സഹകരണബാങ്കിലേയും ജില്ലാ സഹകരണബാങ്കുകളിലേയും ജീവനക്കാർക്കായി ഒരു പ്രത്യേക പെൻഷൻ പദ്ധതി പി.എഫ്. കമ്മീഷണറുടെ പക്കൽ നിന്നും നാളിതുവരെയുള്ള വിഹിതം മടക്കി ലഭിക്കുകയാണെങ്കിൽ നടപ്പാക്കാൻ കഴിയുന്നതാണെന്ന് ശുപാർശ.

(ബി) ഉണ്ട്.

(സി) ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായും മാനേജുമെന്റുമായും ഇക്കാര്യം ചർച്ച ചെയ്യുകയുണ്ടായി. ജീവനക്കാർക്ക് പ്രത്യേക പെൻഷൻ പദ്ധതി ആവിഷ്ക്കരിക്കാനാവുമോ എന്നത് സംബന്ധിച്ച് പരിശോധന നടന്നുവരുന്നു.

(ഡി) ഉണ്ട്.

(ഇ) പരിശോധിച്ചു വരുന്നു.

കേരളത്തിൽ പ്രവർത്തിക്കുന്ന സഹകരണ ആശുപത്രികൾ

122 (3523)ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇന്ന് എത്ര സഹകരണ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത സഹകരണ ആശുപത്രികളിൽ എത്ര ഡോക്ടർമാർ ഡെപ്യൂട്ടേഷനിൽ പ്രവർത്തിക്കുന്നുണ്ട്;

(സി) സഹകരണ ആശുപത്രികളുടെ പ്രവർത്തനത്തിനുവേണ്ടി സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ആകെ 74 സഹകരണ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) നാല് ഡോക്ടർമാർ ഡെപ്യൂട്ടേഷനിൽ പ്രവർത്തിക്കുന്നു.

(സി) സാമ്പത്തിക സഹായം നൽകുന്നുണ്ട്.

(ഡി) സഹകരണ ആശുപത്രികളുടെ പ്രവർത്തനത്തിനുവേണ്ടി പരമാവധി 10 ലക്ഷം രൂപ സർക്കാർ ഓഹരി മൂലധനമായും പരമാവധി 25 ലക്ഷം രൂപ ആശുപത്രി നവീകരണത്തിന് സബ്സിഡിയായും 10 ലക്ഷം രൂപ കെട്ടിട നിർമ്മാണത്തിന് സബ്സിഡിയായും 1 ലക്ഷം രൂപ ആംബുലൻസ് സബ്സി

LIBRARY ARCHIVES Kerala Legislative Assembly